# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221 — 27.01.2014-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, പി. എ. മാധവൻ :<br>,, എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് വിദ്യാലയാരോഗ്യ പദ്ധതി 2009-ൽ ആരംഭിച്ചു. ഈ പദ്ധതി 2012-13 കാലയളവിൽ സംസ്ഥാനത്തെ 2800 സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. 2013-14 സാമ്പത്തിക വർഷത്തിൽ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിച്ചു. |
| (ബി) ഏതെല്ലാം സ്കൂളുകളിലേക്കാണ് പ്രസ്തുത പ്രോഗ്രാം വ്യാപിപ്പിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിച്ചു. |
| (സി) എന്തെല്ലാം പ്രയോജനങ്ങളാണ് പ്രസ്തുത പ്രോഗ്രാം മുഖേന കുട്ടികൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ; | (സി) **ചികിത്സാ സേവനം :**<br>* ജെ.പി.എച്ച്.എൻ ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളിൽ വെച്ചു തന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.<br>* മാസത്തിലൊരിക്കൽ സ്കൂളുകളിൽ ഡോക്ടർമാർ എത്തി ആരോഗ്യ പ്രവർത്തകർ തെരഞ്ഞെടുത്ത കുട്ടികളെ പരിശോധിക്കും.<br>* വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തും. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും. |

(....2)

**പ്രതിരോധ പ്രവർത്തനം :**

* വർഷത്തിലൊരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ ആരോഗ്യ പ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.
* വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റു കലാരൂപങ്ങൾ - മുഖേനയുള്ള അവബോധം.
* പ്രതിരോധ കുത്തിവയ്പ്പ്

**ഹെൽത്ത് ക്ലബ്ബ് :**

* ഹെൽത്ത് ക്ലബ്ബ് അംഗങ്ങളുടെ ശാക്തീകരണം, ഹെൽത്ത് ക്ലബ്ബുകളുടെ തുടർപ്രവർത്തനം.

**വിവരശേഖരണം :**

* വിവരശേഖരണം നിത്യേന നടക്കുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യയായ ഇലക്ട്രോണിക് ഡേറ്റാ ബേസ് രൂപീകരണം പുരോഗമിക്കുന്നു.
* ഹൈസ്കൂൾ - ഹയർ സെക്കന്ററി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വീഡിയോ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. അതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കാമോ ?

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിലേക്കായി സർക്കാരിതര ഏജൻസികളുടെ യാതൊരു സഹായവും സ്വീകരിക്കുന്നില്ല.

സെക്ഷൻ ഓഫീസർ